# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5325** — **02-11-2021 - ൽ മറുപടിയ്ക്ക്**

## വെറ്ററിനറി ഡോക്ടർമാരുടെ സേവനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | താൽക്കാലിക വെറ്റിനറി ഡോക്ടർമാരുടെ രാത്രികാല സേവനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | മൃഗാശുപത്രികളുടെ പ്രവർത്തന സമയ ശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുവാനാണ് രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് 2020-21 വർഷം മുതൽ എല്ലാ ബ്ലോക്കുകളിലും പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ നിയമനം കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് ഈ പദ്ധതി പ്രകാരം സേവനം ലഭിക്കുക. അടിയന്തര ജീവൻരക്ഷാ മരുന്നുകളും മറ്റ് അടിയന്തര ഉപകരണങ്ങളും വാങ്ങുന്നതിന് പ്രത്യേക ഫണ്ട് വകയിരുത്തുന്നു. കർഷകരുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ വാർത്താവിനിമയ സൗകര്യങ്ങളൊരുക്കുവാൻ തുക അനുവദിക്കുന്നു. പദ്ധതി സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധന, മേൽനോട്ടം, കൂടാതെ പൊതുജനങ്ങളുടെ പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ ഏർപ്പെടുത്തുന്നു. വെറ്ററിനറി ഡോക്ടർമാരുടെ രാത്രികാലസേവനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി വെറ്ററിനറി ഡോക്ടർമാരുടെ അഭാവമുള്ളിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വെറ്ററിനറി സർജൻമാരെ ലഭ്യമായില്ലെങ്കിൽ വാക്ക് ഇൻ ഇന്റർവ്യൂ വഴി ഈ ഒഴിവുകൾ നികത്തുവാനും പ്രസ്തുത നിയമനം 90 ദിവസത്തിൽ കവിയരുതെന്നും എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ നിന്നും വെറ്ററിനറി സർജൻമാരെ ലഭിക്കുന്ന അവസരത്തിൽ വാക്ക് ഇൻ ഇന്റർവ്യൂ വഴി നിയമിച്ച വെറ്ററിനറി ഡോക്ടർമാരുടെ സേവനം അടിയന്തരമായി അവസാനിപ്പിക്കേണ്ട- |

| | | | |
|---|---|---|---|
| | | | താണെന്നും എല്ലാ ജില്ലാമൃഗസംരക്ഷണ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സ്ഥിരം വെറ്ററിനറി ഡോക്ടർമാരുടെ സേവനം രാത്രികാലങ്ങളിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്തെ 31 വെറ്ററിനറി സ്ഥാപനങ്ങളിൽ 24 മണിക്കൂർ സേവനം ഏർപ്പെടുത്തിയതിലൂടെ ടി സ്ഥാപന-ങ്ങളിൽ സ്ഥിരം വെറ്ററിനറി ഡോക്ടർമാരുടെ സേവനം 2 ഷിഫ്റ്റുകളിലായി രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയും തുടർന്ന് രാത്രി കാല വെറ്ററിനറി ഡോക്ടർമാരുടെ സേവനവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ